Malayala Manorama -27-02-2018-P-14

# കുരുമുളകിന്റെ മിനിമം ഇറക്കുമതി വില റദ്ദാക്കണം: കയറ്റുമതി വ്യവസായികൾ

**മനോരമ ലേഖകൻ**

കൊച്ചി ● കുരുമുളക് ഇറക്കുമതിക്കു കിലോഗ്രാമിന് 500 രൂപ മിനിമം ഇറക്കുമതി വില ഏർപ്പെടുത്തിയ ശേഷം ആഭ്യന്തര വിപണിയിൽ വില ഇടിയുക മാത്രമാണുണ്ടായതെന്ന് മൂല്യവർധിത കുരുമുളക് കയറ്റുമതി വ്യവസായികൾ അഭിപ്രായപ്പെട്ടു. അതേസമയം കയറ്റുമതി ഇടിയുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഇന്ത്യയുടെ കുരുമുളകു കയറ്റുമതി വ്യവസായത്തെ തന്നെ തകർക്കുന്ന മിനിമം ഇറക്കുമതിവില വ്യവസ്ഥ നീക്കം ചെയ്യണമെന്ന് വേൾഡ് സ്പൈസ് ഓർഗനൈസേഷൻ ചെയർമാൻ രാംകുമാർ മേനോൻ ആവശ്യപ്പെട്ടു.

കുരുമുളകിന്റെ ആഭ്യന്തര വില സംരക്ഷിക്കാനെന്ന പേരിലാണു കയറ്റുമതിയെ നിരുൽസാഹപ്പെടുത്തുന്ന വ്യവസ്ഥ ഏർപ്പെടുത്തിയത്. രാജ്യാന്തര വില 233 രൂപ ഉണ്ടായിരുന്ന ഡിസംബറിലാണ് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന കുരുമുളകിന് കിലോഗ്രാമിന് 500 രൂപ മിനിമം വിലയുണ്ടാവണമെന്ന വ്യവസ്ഥ വന്നത്. അതിൽ കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്താൽ മിനിമം വിലയുമായി വ്യത്യാസം വരുന്ന തുക പെനൽറ്റിയായി അടയ്ക്കേണ്ടിയിരുന്നു.

അങ്ങനെ കഷ്ടനഷ്ടം സഹിച്ച് ആർക്കും വ്യവസായം നടത്തിക്കൊണ്ടു പോകാൻ കഴിയില്ലെങ്കിലും നേരത്തേയുള്ള ഓർഡറുകൾ തുടരാൻ വ്യവസായികൾ നിർബന്ധിതരായി.



നേരത്തേ കിലോഗ്രാമിന് 450 രൂപ വരെ ഉയർന്ന ഇന്ത്യൻ കുരുമുളക് വില ഇപ്പോൾ 380 രൂപയായി ഇടിഞ്ഞിരിക്കുകയാണ്. ഇറക്കുമതി ചെയ്യുന്ന കുരുമുളകിന്റെ വിലയുമായി ആഭ്യന്തര വിലയ്ക്ക് ബന്ധമില്ലെന്ന് ഇതോടെ തെളിഞ്ഞു.

അതിനാൽ മിനിമം ഇറക്കുമതി വിലയും പെനൽറ്റിയും റദ്ദാക്കണമെന്നു സസ്റ്റെയിനബിൾ സ്പൈസസ് സീനിയർ ഉപദേഷ്ടാവ് ഫിലിപ് കുരുവിള ആവശ്യപ്പെട്ടു.